# Siraj
# 30 July 2018
# Idukki; Idukki Dam, Orange Alert

## ഇടുക്കി ഡാം
## ഇന്ന് ഓറഞ്ച് അലർട്ട്

# നാളെ തുറക്കും

**സ്വന്തം ലേഖകൻ**
തൊടുപുഴ

### ജലനിരപ്പ് 2394.34 അടിയിലെത്തി

### ചെറുതോണി അണക്കെട്ട് തുറക്കുക 'ട്രയൽ റൺ' ആയി

ഇരുപത്തിയാറ് വർഷങ്ങൾക്ക് ശേഷം ഇടുക്കി അണക്കെട്ട് തുറക്കാൻ സർക്കാർ സംവിധാനം സജ്ജമായി. നാളെ ട്രയൽ റൺ നടത്തിയേക്കും. ജലനിരപ്പ് ഇന്നലെ രാത്രി ഒമ്പത് മണിക്ക് 2394.34 അടിയിലെത്തി. 2395 അടിയിൽ ജലനിരപ്പ് ഇന്നെത്തിയാൽ രണ്ടാം മുന്നറിയിപ്പായ ഓറഞ്ച് അലർട്ട് നൽകും. മൂന്ന് ഡാമുകൾ ചേർന്ന ഇടുക്കി പദ്ധതിയുടെ ചെറുതോണി അണക്കെട്ടിന്റെ ഷട്ടറുകളാണ് ഉയർത്തുക. പരീക്ഷണാടിസ്ഥാനത്തിൽ 40 സെന്റിമീറ്റർ വരെയാണ് ഷട്ടറുകൾ ഉയർത്തുന്നത്.

നാല് മണിക്കൂർ വരെ നീണ്ടുനിൽക്കുന്ന ട്രയൽ റണ്ണാണ് നടക്കുകയെന്ന് ജില്ലാ കലക്ടർ കെ ജീവൻ ബാബു പറഞ്ഞു. നീരൊഴുക്ക് കുറയുന്നത് കണ്ടാൽ അതിന് മുമ്പ് തന്നെ ട്രയൽ റൺ അവസാനിപ്പിക്കും. വെള്ളമൊഴുകേണ്ട പാത തെളിയിക്കുക എന്ന ഉദ്ദേശ്യവും ട്രയൽ റണ്ണിനുണ്ട്. കൺട്രോൾ റൂം ഇന്നലെ രാത്രി തുറന്നു. ദുരന്ത നിവാരണ അതോറിറ്റി ടീം ഇന്നലെ രാത്രി ഇടുക്കിയിലെത്തി. ഇന്നലെ രാവിലെ ഏഴിന് 2393.78 അടിയായിരുന്ന ജലനിരപ്പ് 12ന് 2394.02ഉം രാത്രി ഒമ്പതിന് 2394.34ഉം ആയി ഉയരുകയായിരുന്നു.

അണക്കെട്ടിന്റെ വൃഷ്ടിപ്രദേശത്ത് ഇന്നലെ രേഖപ്പെടുത്തിയത് 9.1 സെമീ മഴയാണ്. 3.66 കോടി യൂനിറ്റ് വൈദ്യുതിക്കുള്ള വെള്ളം അണക്കെട്ടിലേക്ക് ഒഴുകിയെത്തി. 1.44 കോടി യൂനിറ്റായിരുന്നു പദ്ധതിയുടെ മൂലമറ്റം പവർ ഹൗസിലെ ഉത്പാദനം. ഉത്പാദനത്തിനെടുക്കുന്ന വെള്ളത്തിന്റെ ഇരട്ടിയിലധികമാണ് ഇപ്പോൾ അണക്കെട്ടിലേക്ക് ഒഴുകിയെത്തുന്നത്. ഇടുക്കിയുടെ പരമാവധി സംഭരണശേഷി 2403 അടിയാണ്. ഇത് 2400 അടിയായി കഴിഞ്ഞ ദിവസം താത്കാലികമായി നിജപ്പെടുത്തിയിട്ടുണ്ട്.

ജനങ്ങളെ മാറ്റിപ്പാർപ്പിക്കാൻ 12 ക്യാമ്പുകൾ സജ്ജമാണെന്ന് അധികൃതർ അറിയിച്ചു. അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചു മാറ്റും. അണക്കെട്ടിന്റെ ഷട്ടറുകൾ ഉയർത്തുന്നത് കാണാനെത്തുന്ന ആളുകൾക്കും നിയന്ത്രണം ഏർപ്പെടുത്താൻ കലക്ടറേറ്റിൽ ചേർന്ന അടിയന്തര യോഗത്തിൽ തീരുമാനമായി. അണക്കെട്ടിൽ നിന്ന് ഒഴുകിയെത്തുന്ന വെള്ളം സുഗമമായി കടന്നുപോകാൻ വേണ്ട നടപടികൾ പെരിയാറിന്റെ ഇരുകരകളിലും ആരംഭിച്ചു. മണ്ണുമാന്തി യന്ത്രം ഉപയോഗിച്ച് പെരിയാറിന്റെ ചാലുകളിൽ നിന്ന് ചെളി നീക്കം ചെയ്തു തുടങ്ങി. 1981ലും 1992 ഒക്ടോബർ 11 നുമാണ് മുമ്പ് അണക്കെട്ട് തുറന്നത്.

ഡാം തുറക്കേണ്ട സാഹചര്യമുണ്ടായാൽ സ്വീകരിക്കേണ്ട രക്ഷാ പ്രവർത്തനങ്ങളും മുന്നൊരുക്കങ്ങളും ഇടുക്കി താലൂക്ക് ഓഫീസിൽ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും യോഗത്തിൽ അവലോകനം ചെയ്തു. കൂട്ടായ ശ്രമത്തിലൂടെ അടിയന്തര സാഹചര്യങ്ങളെ നേരിടണമെന്നും പഞ്ചായത്ത് തലത്തിൽ ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രത്യേകമായ ആക്ഷൻപ്ലാൻ തയ്യാറാക്കി ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിക്കാൻ തീരുമാനിച്ചതായും ഇടുക്കി എം എൽ എ റോഷി അഗസ്റ്റിൻ പറഞ്ഞു.

ഡാം തുറന്നാൽ നേരിട്ട് ബാധിക്കുന്ന വാത്തിക്കുടി, വാഴത്തോപ്പ്, മരിയാപുരം, കൊന്നത്തടി, വെള്ളത്തൂവൽ പഞ്ചായത്തുകളിൽ യോഗം ചേർന്ന് സ്ഥിതിഗതികൾ പരിശോധിക്കും. ആളുകളെ മാറ്റി പാർപ്പിക്കുന്നത് സംബന്ധിച്ച് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും മാറ്റിപ്പാർപ്പിക്കേണ്ടവരുടെ വീടുകളിൽ നേരിട്ടെത്തി നോട്ടീസ് നൽകും. ഡാം തുറക്കുന്നത് കാണാനായി ജില്ലയിലേക്ക് നിരവധി ആളുകൾ എത്തുമെന്നതിനാൽ പോലീസ് കൂടുതൽ ജാഗ്രത പുലർത്തും.

## നേരിടാൻ സജ്ജം



തിരുവനന്തപുരം: ഇടുക്കി അണക്കെട്ട് തുറക്കേണ്ട സാഹചര്യം നേരിടാൻ ആവശ്യമായ എല്ലാ മുൻകരുതലുകളും സർക്കാർ സ്വീകരിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഷട്ടർ തുറക്കുന്ന സാഹചര്യമുണ്ടായാൽ ഈ മേഖലയിൽ വിനോദ സഞ്ചാരികളെ പ്രവേശിപ്പിക്കുന്നത് തടയാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദേശം നൽകിയിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ വാഴത്തോപ്പ്, മരിയാപുരം, കഞ്ഞിക്കുഴി, വാത്തിക്കുടി, കൊന്നതടി പഞ്ചായത്തുകളിൽ വിനോദസഞ്ചാരികളെയും കാഴ്ച കാണാനും പകർത്താനും എത്തുന്നവരെയും നിയന്ത്രിക്കാനാണ് ഇടുക്കി ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് നൽകിയ നിർദേശം. താഴേക്ക് ഉള്ള പ്രദേശങ്ങളിലെ വിവിധ സ്ഥലങ്ങളിലും പാലങ്ങളിലും ആളുകൾ കൂട്ടം കൂടി നിൽകുന്ന സ്ഥിതി ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കണം.

ആവശ്യമായ സഹായം പോലീസിൽ നിന്ന് ലഭ്യമാക്കി, നദി തീരത്തും, നദിക്ക് കുറുകെയുള്ള പാലങ്ങളിലും ജനക്കൂട്ട നിയന്ത്രണം ഉറപ്പ് വരുത്തണം. നദിയുടെ ഇരു കരകളിലും 100 മീറ്ററിൽ ആരും നിൽക്കുന്നില്ലെന്ന് ഉറപ്പാക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. കാഴ്ച കാണാനും സെൽഫി എടുക്കാനുമുള്ള യാത്ര ഒഴിവാക്കണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു.